"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ വകുപ്പിലെ കോർപ്പറേഷൻ, ഡിവിഷൻ, സബ് ഡിവിഷൻ എന്നീ ഓഫീസുകളിൽ നിന്നും ലൈസൻസുകൾ പുതുക്കി നൽകിയ നടപടികൾ സാധൂകരിച്ചും, തദ്ദേശ സ്വയം ഭരണ വകുപ്പിൽ A,B-ക്ലാസ് ലൈസൻസുകൾ സൂപ്രണ്ടിംഗ് എൻജിനീയർക്കും C,D-ക്ലാസ് ലൈസൻസുകൾ എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റൻറ് എൻജിനീയർ എന്നിവർക്കും അനുവദിക്കാനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്**

**സ.ഉ.(സാധാ) നം.1256/2023/LSGD തീയതി,തിരുവനന്തപുരം, 17-06-2023**

---

പരാമർശം:- 1) 17.7.2013-ലെ സ.ഉ.(കൈ)നം.59/2013/പൊ.മ.വ.

2) 29.02.2016-ലെ സ.ഉ.(അച്ചടി)നം.30/2016/ധന.

3) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 03.10.2022-ലെ DB3/6512(C)/2013/CE/LSGD-നമ്പർ കത്ത്

4) 09.05.2023-ലെ DB2/379/2022-LSGD-നമ്പർ കത്ത്.

5) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 03.06.2023-ലെ LSGD/PD/24430/2023-DB3-നമ്പർ കത്ത്

**ഉത്തരവ്**

പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള ലൈസൻസ് നൽകേണ്ടത് ഉത്തര, ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ മാത്രമാണ് എന്ന പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പിലെ ചില കോർപ്പറേഷൻ, ഡിവിഷൻ, സബ് ഡിവിഷൻ എന്നീ ഓഫീസുകളിൽ നിന്നും 1999-മുതൽ C-ക്ലാസ് ലൈസൻസുകൾ അനുവദിച്ചു നൽകുകയും പുതുക്കി വരികയും ചെയ്യുന്നു എന്നും എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ നിന്നും മാത്രം 595-ലൈസൻസുകൾ അനുവദിച്ചു നൽകിയിരുന്നു എന്നും എന്നാൽ Price 3-സോഫ്റ്റ്‌വെയർ നിലവിൽ വന്നതോടു കൂടി ഇപ്രകാരം ലഭിച്ച ലൈസൻസ് ഉപയോഗിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിയ്ക്കാൻ സാധിക്കുന്നില്ല എന്നും ആയതിനാൽ ടെണ്ടർ നടപടികൾ അടിയന്തരമായി പൂർത്തീകരിയ്ക്കുന്നതിന് പ്രസ്തുത ലൈസൻസുകൾ നൽകിയ നടപടികൾ സാധൂകരിച്ച് നൽകണമെന്ന്, പരാമർശം (3) പ്രകാരം, തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2) നിലവിൽ മേൽപ്പറഞ്ഞ ലൈസൻസുകൾ ഉപയോഗിച്ച് പ്രവൃത്തികൾ ചെയ്തു കഴിഞ്ഞിട്ടുള്ള സാഹചര്യം പരിഗണിച്ച്, ചീഫ് എഞ്ചിനീയർ പരാമർശിച്ചിരിക്കുന്ന 595-ലൈസൻസുകൾ നൽകിയിട്ടുള്ളത് നിശ്ചിത യോഗ്യതയുള്ളവർക്കാണോ എന്നും പ്രസ്തുത

ലൈസൻസുകൾ സാധൂകരിച്ച് നൽകുന്നതിലൂടെ നിയമപരമോ സാമ്പത്തികപരമോ ആയ അധിക ബാധ്യത സർക്കാരിന് ഉണ്ടാകുന്നില്ല എന്നും ഉത്തര/ദക്ഷിണ മേഖല സുപ്രണ്ടിംഗ് എഞ്ചിനീയർമാർ പരിശോധിച്ച് ഉറപ്പുവരുത്തി വ്യക്തമായ ശുപാർശ സമർപ്പിക്കാൻ, പരാമർശം (4) പ്രകാരം, തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെടുകയുണ്ടായി.

3) പരാമർശം (1) പ്രകാരമുള്ള, ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറം, പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ്, പാൻകാർഡ് കോപ്പി, തിരിച്ചറിയൽ രേഖ, ലൈസൻസ് ഫീ, കേപ്പബിലിറ്റി സർട്ടിഫിക്കറ്റ്, സെക്യൂരിറ്റി നിക്ഷേപം എന്നിവ ലഭ്യമാക്കി നിശ്ചിത യോഗ്യതയുള്ളവർക്ക് മാത്രമാണ് ലൈസൻസുകൾ അനുവദിച്ചിരുന്നതെന്നും പ്രസ്തുത ലൈസൻസുകൾ സാധൂകരിച്ചു നൽകുന്നതിലൂടെ നിയമപരമോ സാമ്പത്തികപരമോ ആയ അധിക ബാധ്യത സർക്കാരിന് ഉണ്ടാകുന്നില്ലായെന്നും ആയതിനാൽ A,B-ക്ലാസ് ലൈസൻസുകൾ സൂപ്രണ്ടിങ് എഞ്ചിനീയറുടെ കാര്യാലത്തിൽ നിന്നും C-ക്ലാസ് ലൈസൻസുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലത്തിൽ നിന്നും, D-ക്ലാസ് ലൈസൻസുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന അഭ്യർത്ഥനയോടെ, പരാമർശം (5) പ്രകാരം, തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

4) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. Price 3 സോഫ്റ്റ്വെയർ നിലവിൽ വന്നതോടുകൂടി തദ്ദേശ സ്വയം ഭരണ വകുപ്പിൽ ഉണ്ടായിരുന്ന C, D-ക്ലാസ് ലൈസൻസുകൾ നല്കാനുള്ള എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റൻറ് എൻജിനീയർ എന്നിവർക്കുള്ള അധികാരം നഷ്ടമാകുകയുണ്ടായി. നിലവിൽ പുതുക്കി നല്കിയിരിക്കുന്ന C,D-ക്ലാസ് ലൈസൻസുകളുടെ കാലാവധി 30.06.2023-ന് അവസാനിക്കുകയും അത് കഴിഞ്ഞാൽ C,D-ക്ലാസ് ലൈസൻസികൾക്ക് വർക്ക് ഏറ്റെടുക്കാൻ കഴിയാതെ വരികയും ആയത് വകുപ്പിന്റെ പദ്ധതി നിർവ്വഹണം തടസ്സപ്പെടുത്തുന്നതിനും ഇടയാക്കും.

5) മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ നിലവിൽ അനുവദിച്ചു നൽകിയിട്ടുള്ള ലൈസൻസുകൾ നിശ്ചിത യോഗ്യതയുള്ളവർക്ക് മാത്രമാകയാലും പ്രസ്തുത ലൈസൻസുകൾ സാധൂകരിച്ചു നൽകുന്നതിലൂടെ നിയമപരമോ സാമ്പത്തികപരമോ ആയ അധിക ബാധ്യത സർക്കാരിന് ഉണ്ടാകാത്തതിനാലും, പരാമർശം (3) പ്രകാരം, തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശിച്ചിരിക്കുന്ന ലൈസൻസുകൾ പുതുക്കി നൽകിയ നടപടികൾ സാധൂകരിച്ചും തദ്ദേശ സ്വയം ഭരണ വകുപ്പിൽ A, B-ക്ലാസ് ലൈസൻസുകൾ സൂപ്രണ്ടിംഗ് എൻജിയറുടെ ഓഫീസിൽ നിന്നും C, D-ക്ലാസ് ലൈസൻസുകൾ എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റൻറ് എൻജിനീയർ എന്നിവരുടെ ഓഫീസിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

എല്ലാ സൂപ്രണ്ടിംഗ്/എക്സിക്യൂട്ടീവ്/ അസിസ്റ്റൻറ് എഞ്ചിനീയർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്

ചീഫ് എഞ്ചിനീയർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ & ഇ ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Reenamma P A
Date: 17-06-2023 16:13:05

സെക്ഷൻ ഓഫീസർ

ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ.ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറിയുടെ സി.എ.ക്ക്